**K23P 3233**

Reg. No.: ...............................

Name : ...................................

**First Semester M.A. Degree (CBSS – Supple. (One Time Mercy Chance)/Imp.)**
**Examination, October 2023**
**(2014 to 2022 Admissions)**
**MALAYALAM LANGUAGE AND LITERATURE**
**MAL 1C 02 : Modern Poetry**

Time : 3 Hours                                                                                    Max. Marks : 80

I. **1 – 5** വരെയുള്ള ചോദ്യങ്ങൾക്ക് **രണ്ടു പുറ**ത്തിൽ കവിയാതെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1) ''ആ രാത്രി ചേരാറായ് വാസരശ്രീയോടു
സൂരജ വിണ്ണാറോടെന്നപോലെ'' – സൂരജ, വിണ്ണാറ് എന്നീ വാക്കുകളുടെ പൊരുൾ എന്ത് ?

2) മനുഷ്യജീവിതം വിലകെട്ടുപോകുന്നതിനെക്കുറിച്ച് 'ഇടിഞ്ഞുപൊളിഞ്ഞ ലോക'ത്തിൽ വ്യക്തമാക്കുന്നതെങ്ങനെ ?

3) 'ചരിത്രമുറങ്ങുന്ന തിരുനാവായി'ൽ കവയിത്രി പങ്കുവയ്ക്കുന്നതെന്തെല്ലാം ?

4) ''ആനന്ദൻ, നിങ്ങൾ ആനന്ദൻമാർ
കഴുമരണങ്ങളും ഗോപുരങ്ങളും പോലെ
ഒരേ സമയം
ഞങ്ങൾക്കടുത്തും അകലെയുമാണ്'' – ആശയം വിശദമാക്കുക.

5) തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച പാദങ്ങൾ എങ്ങനെയുള്ളവയെന്നാണ് കവയിത്രി പറയുന്നത് ? **(5×4=20)**

II. **6 – 10** വരെ ചോദ്യങ്ങൾക്ക് **നാലു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) പ്രകൃതിയിലുള്ള മനോഹര വസ്തുക്കളോടും തനിക്കു പ്രിയപ്പെട്ടവയോടും സീത യാത്ര പറയുന്ന രംഗം വിവരിക്കുക.

**അല്ലെങ്കിൽ**

പുതിയ തലമുറയോടുള്ള ചില ഓർമ്മപ്പെടുത്തലുകളാണ് തൊട്ടാൽ വാടരുത് എന്ന കവിതയുടെ അന്ത:സന്ത. വിശദമാക്കുക.

P.T.O.



7) വനമഹോത്സവക്കാർക്ക് എഴുതിക്കൊടുത്ത പരസ്യം എന്ന നിലയിൽ 'പുളിമാവു വെട്ടി' എന്ന കവിതയുടെ പ്രസക്തി വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

'അവർക്കും ഓണമുണ്ടായിരുന്നു' എന്ന കവിത മുന്നോട്ടു വയ്ക്കുന്നതെന്തെല്ലാം ?

8) ''ഒരു മൈക്കുസെറ്റുകാരന്റെ ഏകാന്തത' നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്ന സമകാലീന പ്രശ്നം എന്ത് ? വിശദമാക്കുക.

**അല്ലെങ്കിൽ**

'രാമായണം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

9) ഉള്ളൂരിന്റെ ഉല്ലേഖചാതുരി കർണ്ണഭൂഷണമാധാരമാക്കി വിവരിക്കുക.

**അല്ലെങ്കിൽ**

മുക്തകങ്ങളുടെ സവിശേഷതകളെ ആധാരമാക്കി പാടത്തിൻകരെ..., ജാതീ ജാതാനുകമ്പാ ഭവാ... തുടങ്ങിയ മുക്തകങ്ങളെ വിശകലനം ചെയ്യുക.

10) പ്രണയാനുഭൂതിയെ അതിഭാവുകത്വത്തിൽ നിന്ന് പറിച്ചെടുത്ത് ജീവിത യാഥാർത്ഥ്യത്തിന്റെ പച്ചമണ്ണിൽ നടുന്ന കവിതയാണ് കൊച്ചു തൊമ്മൻ – ശരിയോ ? സമർത്ഥിക്കുക.

**അല്ലെങ്കിൽ**

എന്താണ് വിലാപകാവ്യങ്ങൾ ? വിലാപകാവ്യലോകത്ത് 'ഒരു വിലാപ'ത്തിന്റെ പ്രസക്തി എന്ത് ? വിശദമാക്കുക. **(5×6=30)**

III. **11** മുതൽ **13** വരെ ചോദ്യങ്ങൾക്ക് **ആറു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) ''അരികു ജീവിതങ്ങളുടെ ആവിഷ്കാരം സമകാലിക കാവ്യലോകത്തിൽ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

വർത്തമാനകാലഘട്ടത്തിൽ ബ്ലോഗ് രചനകളുടെ പ്രസക്തി വിശകലനം ചെയ്യുക.



12) സ്ത്രീയുടെ ദാരുണമായ അവസ്ഥയിലുള്ള സങ്കടവും അമർഷവും പ്രകടമാക്കുന്ന കവിതകൾ പുതുകവിതകളിൽ സാധാരണമാണ്. ഉദാഹരണസഹിതം വിശദമാക്കുക.

**അല്ലെങ്കിൽ**

ഏറുമാടം, മരുഭൂമികൾ ഉണ്ട(യാ)ാകുന്നത് എന്നീ കവിതകളെ മുൻനിർത്തി ഉത്തരാധുനിക കവിതകളുടെ ആഖ്യാനരീതി വിവരിക്കുക.

13) പ്രമേയം, ആഖ്യാനം എന്നിവയിൽ കവിതയിലുണ്ടായ പരിണാമത്തെ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

പാർശ്വവൽക്കരിക്കപ്പെട്ട സമൂഹം അനുഭവിച്ചിരുന്ന ജാതിവ്യവസ്ഥയുടെ ദുഷ്ഫലങ്ങൾ ചൂണ്ടിക്കാണിക്കുന്ന കൃതിയാണ് 'ജാതിക്കുമ്മി'. സമർത്ഥിക്കുക. **(3×10=30)**

______________